# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.548** **27.10.2016 ൽ മറുപടിക്ക്**

**സർക്കാർ അംഗീകാരത്തിനു വന്ന പ്രവൃത്തികളുടെ പുനപരിശോധന**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.**<br>**ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**<br>**ശ്രീ.മഞ്ഞളാംകുഴി അലി**<br>**ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സാങ്കേതിക അനുമതിക്കുശേഷം ടെണ്ടർ നടപടികൾ വരെ പൂർത്തിയാക്കി സർക്കാർ അംഗീകാരത്തിനു വന്ന പൊതു മരാമത്ത് പ്രവൃത്തികളിൽ തീരുമാനം കൈക്കൊള്ളുന്നതിനു പകരം സാങ്കേതിക വിഭാഗത്തിന്റെ പുനപരിശോധനയ്ക്ക് അയച്ച് കാല താമസം വരുത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയിൽ വന്ന ഏതാനും കേസുകളിൽ സാങ്കേതിക അനുമതിയിൽ അവ്യക്തതയും ചില സംശയങ്ങളും ഉണ്ടായ സാഹചര്യത്തിൽ സാങ്കേതിക അനുമതിയിൽ വ്യക്തത വരുത്തുന്നതിന് പുനഃപരിശോധന-യ്ക്കായി ടെണ്ടർ കമ്മിറ്റി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ അത്തരമൊരു നടപടിക്കിടയാക്കിയ സാഹചര്യം വിശദമാക്കുമോ; | | |
| (സി) | ടെണ്ടർ നടപടി പൂർത്തീകരിച്ച ശേഷമുണ്ടാവുന്ന കാലതാമസം മൂലം കോൺട്രാക്ടർ പണി ഉപേക്ഷിച്ച് പോകുന്ന സാഹചര്യം അധിക ബാധ്യതയ്ക്ക് കാരണമാവുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായി തീരുമാനം കൈക്കൊള്ളുമോ; വിശദാംശം നൽകുമോ? | (സി) | ടെണ്ടർ കമ്മിറ്റി ടെണ്ടർ പരിശോധിച്ച് അംഗീകാരം നൽകുന്നതോടുകൂടി മാത്രമേ ടെണ്ടർ, കോൺട്രാക്ടർക്ക് ഉറപ്പാകുന്നുള്ളൂ. ആയതിനാൽ ചോദ്യം പ്രസക്തമല്ല. |

Gnadon

**സെക്ഷൻ ഓഫീസർ**